കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911



## വാഷിംഗ്ടൺ ഹെൽത്ത് കെയർ: ഡോ. ജേക്കബ് ഈപ്പനെ വീണ്ടും തിരഞ്ഞെടുത്തു

കാലിഫോർണിയ: വാഷിംഗ്ടൺ ഹെൽത്ത് കെയർ ഡിസ്ട്രിക്ട് ബോർഡിലേക്ക് നവംബർ ആറിനു നടന്ന തിരഞ്ഞെടുപ്പിൽ ഡോ. ജേക്കബ് ഈപ്പൻ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. കാലിഫോർണിയ അലമീഡാ കൗണ്ടിയിലെ വാഷിംഗ്ടൺ ഹെൽത്ത് കെയർ ഡിസ്ട്രിക്ട് പൊതു തിരഞ്ഞെടുപ്പിലൂടെയാണ് ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുക. അഞ്ചാം തവണയാണ് ഡോ. ജേക്കബ് ഈപ്പൻ അംഗമാവുന്നത്. 17,000 വോട്ട് നേടിയാണ് വിജയിച്ചത്.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്നു ബിരുദമെടുത്ത ജേക്കബ് ഈപ്പൻ ലുധിയാന മെഡിക്കൽ കോളേജ്, യൂണിവേഴ്സിറ്റി ഒഫ് കാലിഫോർണിയ ബെർക്കിലി, സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലും പഠനം നടത്തി. നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുള്ള ഡോ. ഈപ്പൻ യു.എന്നിലും സേവനം നടത്തിയിട്ടുണ്ട്. കണ്ടത്തിൽ കുടുംബാംഗമാണ്. ഭാര്യ ഷെർലി. ഡോ. നവീൻ ജേക്കബ്, ഡോ. സന്ധ്യ ജേക്കബ് എന്നിവർ മക്കളാണ്.

## യു.ഡി.എഫ് നേതാക്കൾക്ക് എതിരെ കേസ്

പമ്പ: ശബരിമലയിൽ നിരോധനാജ്ഞ ലംഘിച്ചതിനും ഭക്തർക്ക് മാർഗതടസമുണ്ടാക്കിയതിനും രമേശ് ചെന്നിത്തല, ഉമ്മൻചാണ്ടി, പി.ജെ. ജോസഫ്, എം.കെ. മുനീർ തുടങ്ങി 17 യു.ഡി.എഫ് നേതാക്കൾക്കും കണ്ടാലറിയാവുന്ന അൻപതോളം പേർക്കുമെതിരെ പമ്പ പൊലീസ് കേസെടുത്തു.

## പി.ആർ.എസ് കോളേജ് ഇ.സി.ഐ നോഡൽ സെന്റർ

തിരുവനന്തപുരം: ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻജിനിയറിംഗ് കൗൺസിൽ ഒഫ് ഇന്ത്യ (ഇ.സി.ഐ) യുടെ കേരളത്തിലെ നോഡൽ സെന്ററായി പി.ആർ.എസ് കോളേജ് ഒഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജിയെ നോമിനേറ്റ് ചെയ്തു. ഇതു സംബന്ധിച്ച ധാരണ പത്രത്തിൽ കൺസ്ട്രക്ഷൻ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കൗൺസിൽ (സി.ഐ.ഡി.സി) ഡയറക്ടർ ജനറലും ഇ.സി.ഐ യുടെ മെമ്പർ സെക്രട്ടറിയുമായ പി.ആർ സ്വരൂപും പി.ആർ.എസ് കോളജ് ഒഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി ചെയർമാൻ ആർ. മുരുകനും ഒപ്പു വച്ചു. കോളജ് വൈസ് ചെയർമാൻ ശബരി രത്തനെ എൻജിനിയറിംഗ് കൗൺസിൽ ഒഫ് ഇന്ത്യയുടെ ചീഫ് കോ-ഓർഡിനേറ്ററായി നാമനിർദ്ദേശം ചെയ്തു.



ബി.ജെ.പി എം.പിമാരായ വി. മുരളീധരൻ, നളിൻകുമാർ കാട്ടീൽ, ബി.ജെ.പി ജില്ലാ പ്രസിഡന്റ് അശോകൻ കുളനട തുടങ്ങിയവർ പാലക്കാട്ടുനിന്നെത്തിയ അയ്യപ്പ സംഘത്തിനൊപ്പം സന്നിധാനത്തേക്ക് പോകുമ്പോൾ ഗുരുസ്വാമി പമ്പയിലെ ദുരിതങ്ങൾ വിവരിക്കുന്നു
ഫോട്ടോ: സന്തോഷ് നിലയ്ക്കൽ

## മനുഷ്യാവകാശ കമ്മിഷനെ പൊലീസ് തടങ്കലിലാക്കി: വി. മുരളീധരൻ

പമ്പ: ശബരിമലയിലെ മനുഷ്യാവകാശ ലംഘനങ്ങൾ നേരിൽ ക്കാണാനെത്തിയ സംസ്ഥാന മനുഷ്യാവകാശ കമ്മിഷനെ പൊലീസ് തടങ്കലിലാക്കിയെന്ന് ബി.ജെ.പി നേതാവ് വി.മുരളീധരൻ എം.പി ആരോപിച്ചു.

അയ്യപ്പൻമാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേൾക്കാൻ കമ്മിഷനെ അനുവദിച്ചില്ല. കമ്മിഷനെ നിയന്ത്രിച്ചത് പൊലീസാണ്. ശബരിമലയിൽ പൊലീസ് ഇടപെടേണ്ട ഒരു സുരക്ഷാ പ്രശ്നവുമില്ല. ദേവസ്വത്തിന്റെ സെക്യൂരിറ്റി മതി.

ഭക്തരും കെ.എസ്.ആർ.ടി.സി ജീവനക്കാരും ഫയർഫോഴ്സും വലിയ തോതിൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. നളിൻകുമാർ കാട്ടീൽ എം.പിയും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു.

## വി. മുരളീധരനും കാട്ടീലും ദർശനം നടത്തി

ശബരിമല : ബി.ജെ.പി എം.പിമാരായ വി. മുരളീധരൻ, നളീൻകുമാർ കാട്ടീൽ എന്നിവർ ഇന്നലെ ശബരിമലയിൽ ദർശനം നടത്തി. വൈകിട്ട് നാലു മണിയോടെയാണ് ഇരുവരും സന്നിധാനത്ത് എത്തിയത്. നളീൻകുമാർ കാട്ടിൽ എട്ടു മണിയോടെയും വി. മുരളീധരൻ ഹരിവരാസനം ചൊല്ലി നടയടച്ചതിനു ശേഷവുമാണ് മലയിറങ്ങിയത്. ഇരുവരും നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളും സന്ദർശിച്ചിരുന്നു. തീർത്ഥാടകരിൽ നിന്ന് അസൗകര്യങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ചോദിച്ചറിഞ്ഞു.

## എസ്.ഐ ബിജുവിന്റെ ക്രൂരത ഇങ്ങനെ

ചക്കരക്കൽ: മകളുടെ കല്ല്യാണത്തിനായി ഗൾഫിൽ നിന്നു 10 ദിവസത്തെ ലീവിൽ വന്നതായിരുന്നു താജുദ്ദീൻ. ജൂലായ് എട്ടിനായിരുന്നു കല്ല്യാണം. അതിനു രണ്ടു ദിവസം മുമ്പാണ് എസ്.ഐ ബിജുവിന്റെ വകതിരിവില്ലായ്മയ്ക്കും ക്രൂരതയ്ക്കും ഇരയായത്. ജൂലായ് അഞ്ചിന് ഉച്ചയ്ക്ക് പെരളശ്ശേരിയിൽ വഴിയോരത്തു വച്ചായിരുന്നു പിടിച്ചുപറി സംഭവം. സ്കൂട്ടറിലെത്തിയ പ്രതി മക്രേരിയിലെ രാഖി എന്ന വീട്ടമ്മയുടെ കഴുത്തിൽ നിന്നു അഞ്ചര പവന്റെ മാല പൊട്ടിച്ചെടുത്ത് കടന്നുകളഞ്ഞു. സി.സി ടിവി ദൃശ്യങ്ങൾ പൊലീസ് പരിശോധിച്ചതിനു പിറകെ താജുദ്ദീൻ കസ്റ്റഡിയിലായി. ദൃശ്യങ്ങളിൽ തെളിഞ്ഞ രൂപം വച്ച് പ്രതി താജുദ്ദീനാണെന്നു ചക്കരക്കൽ എസ്.ഐ ബിജു തീരുമാനിക്കുകയായിരുന്നു. താജുദ്ദീൻ ആവർത്തിച്ച് നിഷേധിച്ചിട്ടും ഫലമുണ്ടായില്ല. ജാമ്യം കിട്ടാത്ത എല്ലാ വകുപ്പുകളും ചാർത്തി റിമാൻഡിലാക്കി. മകളുടെ കല്ല്യാണം കൂടാൻപോലുമാകാതെ 54 ദിവസം തടവിൽ കഴിയേണ്ടി വന്നു. എസ്.ഐക്കു കിട്ടിയതോ ഒരു സ്ഥലംമാറ്റം മാത്രം.

# വിഴിഞ്ഞം വീണ്ടും ഉണരുന്നു

■ രണ്ടാംഘട്ട ഡ്രഡ്ജിംഗ് ഈയാഴ്ച ■ കല്ലുകൾ ഉടൻ എത്തും ■ പൈലിംഗ് ജനുവരിയിൽ തീരും

▶ എൻ.പി. മുരളീകൃഷ്ണൻ

തിരുവനന്തപുരം: മോശം കാലാവസ്ഥയും കല്ല് ക്ഷാമവും സമരങ്ങളും കാരണം മാസങ്ങളോളം മുടങ്ങിയ വിഴിഞ്ഞം തുറമുഖനിർമ്മാണം വീണ്ടും സജീവമാകുന്നു. രണ്ടാംഘട്ടത്തിലെ കടൽകുഴിക്കലും പൈലിംഗും മറ്റ് ജോലികളും ഈയാഴ്ച തുടങ്ങും.

കല്ലുകൾ കൂടുതലായി എത്തിക്കാൻ സർക്കാർ ക്വാറികളുമായി അദാനി ഗ്രൂപ്പ് ധാരണയായതോടെ പുലിമുട്ട് നിർമ്മാണവും പുലിമുട്ട് സംരക്ഷിക്കാനുള്ള അക്രോപോഡുകളുടെ നിക്ഷേപിക്കലും ഉടൻ തുടങ്ങും.

ശാന്തിസാഗർ സിരീസിലെ ശേഷിയേറിയ രണ്ട് ഡ്രഡ്ജറുകളായിരിക്കും കടലിന്റെ ആഴംകൂട്ടുന്നത്. ഗുജറാത്തിലെ മുംദ്രയിൽ നിന്ന് കൊല്ലം തുറമുഖത്ത് കപ്പലിൽ എത്തിച്ച ശാന്തിസാഗർ-11 എന്ന ഡ്രഡ്ജർ, ഫ്ളോട്ടിംഗ് പൈപ്പുകൾ, ഷോർലൈൻ പൈപ്പുകൾ, 700 ടൺ ഭാരമുള്ള രണ്ട് ക്രെയിൻ, 350 ടണ്ണിന്റെ മറ്റൊരു ക്രെയിൻ, കണ്ടെയ്നറുകൾ എന്നിവ കടൽ, റോഡ് മാർഗങ്ങളിലായി അടുത്ത ദിവസങ്ങളിൽ വിഴിഞ്ഞത്ത് എത്തും.

ഡ്രഡ്ജിംഗിന്റെ അപകടസാദ്ധ്യത കണക്കിലെടുത്ത് കടലിൽ ഇറങ്ങാൻ മത്സ്യത്തൊഴിലാളികൾക്ക് വിലക്കുണ്ട്.

2015 ഡിസംബറിൽ തുടങ്ങിയ തുറമുഖത്തിന്റെ ആദ്യഘട്ടം അടുത്തവർഷം ഡിസംബറിലാണ് പൂർത്തിയാകേണ്ടത്.

### പൈലിംഗും മറ്റു ജോലികളും

ബെർത്ത് നിർമ്മാണത്തിന്റെ പൈലിംഗ് ജനുവരിയോടെ പൂർത്തിയാകും. 615 പൈലുകളിൽ 520 എണ്ണം പൂർത്തിയായി. ഇതിനൊപ്പം ബെർത്ത് സംരക്ഷണത്തിനായി സ്ലോപ് പ്രൊട്ടക്ഷൻ രീതിയിൽ കരിങ്കല്ലുകൾ അടുക്കും. വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികൾക്കായി കോട്ടപ്പുറം കരിമ്പള്ളിക്കരയിൽ ആധുനിക മത്സ്യബന്ധന തുറമുഖത്തിന്റെ ജോലികളും ഉടൻ തുടങ്ങും. കണ്ടെയ്നർ, കാർഗോ യാർഡ്, വൈദ്യുത സബ്സ്റ്റേഷൻ നിർമ്മാണം, ബാലരാമപുരം - വിഴിഞ്ഞം തുറമുഖ ഭൂഗർഭ റെയിൽപാത രൂപരേഖ തയ്യാറാക്കൽ എന്നിവയും പുരോഗമിക്കുന്നു.




> കല്ല് ക്ഷാമമായിരുന്ന വലിയ പ്രശ്നം. ഇത് പരിഹരിക്കപ്പെടുന്നതോടെ പകുതി ആശങ്ക നീങ്ങും. ഒന്നാംഘട്ടത്തിൽ തീർക്കേണ്ട മറ്റു ജോലികൾ 75 ശതമാനം പൂർത്തിയായിട്ടുണ്ട്.
> -അദാനി ഗ്രൂപ്പ്

### കരിങ്കല്ല് ക്ഷാമം തീരുന്നു

പുലിമുട്ട് നിർമ്മാണത്തിന് കല്ലെത്തിക്കാൻ കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സർക്കാർ ക്വാറികൾക്കുള്ള എൻ.ഒ.സി ലഭിച്ചതായി അദാനി പറഞ്ഞു. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, ബാലരാമപുരം ക്വാറികളിൽ നിന്നാണ് കല്ലുകൾ എത്തുന്നത്. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ക്വാറികളിൽ നിന്നും തിരുവനന്തപുരം കിളിമാനൂർ പ്രദേശത്തു നിന്നും റോഡുമാർഗം പെരുമാതുറ മുതലപ്പൊഴിയിൽ എത്തിച്ച് ബാർജിലായിരിക്കും പദ്ധതിപ്രദേശത്ത് കല്ല് എത്തിക്കുക. ഇതിനായി മുതലപ്പൊഴിയിലെ പുതിയ ബെർത്തിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. 650 മീറ്റർ നീളത്തിലാണ് പുലിമുട്ടിന് കല്ലിട്ടിട്ടുള്ളത്. 3.1 കിലോമീറ്ററാണ് ആകെ നീളം.



25-ാം ചരമവാർഷികം (21.11.2018)

**ആർ. രാധ**
ബാബു പാലസ്, പുളിങ്കുടി.
ദുഃഖിതനായ ഭർത്താവ് കെ. ബാഹുലേയനും കുടുംബാംഗങ്ങളും.




കേരള മുസ്ലിം ജമാഅത്ത് എസ്.വൈ.എസ്, എസ്.എസ്.എഫ് എന്നിവയുടെ നേതൃത്വത്തിൽ തലസ്ഥാനത്ത് നടത്തിയ നബിദിന സന്ദേശറാലി
ഫോട്ടോ: ബി.സുമേഷ്



കൺസ്ട്രക്ഷൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ജനറൽ പി.ആർ. സ്വരൂപ്, പി.ആർ.എസ് കോളേജ് ഒഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി ചെയർമാൻ ആർ. മുരുകന് ധാരണാപത്രം കൈമാറുന്നു

## ശബരിമല: വരുമാനം 7.27 കോടി കുറഞ്ഞു

ശബരിമല : വൃശ്ചികം 1 മുതൽ മൂന്ന് ദിവസം പിന്നിട്ടപ്പോൾ ശബരിമലയിലെ നടവരുമാനത്തിൽ 7.27 കോടി രൂപ നഷ്ടമുണ്ടായി.

കഴിഞ്ഞ സീസണിൽ ഈ ദിവസങ്ങളിൽ 11,91,87,940 രൂപ ലഭിച്ച സ്ഥാനത്ത് ഇക്കുറി 4,64,93,705 രൂപയായി കുറഞ്ഞു. പ്രധാനപ്പെട്ട എല്ലാ ഇനങ്ങളിലും പ്രകടമായ കുറവാണുള്ളത്.

കഴിഞ്ഞ സീസണിൽ ഇതേ ദിവസം അരവണ വിറ്റവരിൽ 5.09 കോടി ലഭിച്ചപ്പോൾ ഇത്തവണ 3.32 കോടിയുടെ നഷ്ടം വരുത്തി 1.76 കോടിയായി കുറഞ്ഞു.

## ശബരിമല: വി.എച്ച്.പി ദേശീയ പ്രക്ഷോഭത്തിന്

ന്യൂഡൽഹി: ശബരിമലയിൽ അയ്യപ്പഭക്തർക്കെതിരെ സർക്കാർ പൊലീസ് മുറ പ്രയോഗിക്കുന്നതിനെതിരെ ദേശവ്യാപക പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് വിശ്വഹിന്ദു പരിഷത്ത് ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി സുരേന്ദ്ര ജെയിൻ പറഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയൻ ഔറംഗസേബിനെ പോലെയാണ് പെരുമാറുന്നതെന്നും കേരളത്തെ കാശ്മീരാക്കാനാണ് ശ്രമമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാർ ഉടൻ ഇടപെടണം.

## ബൈക്കിൽ സാരി കുരുങ്ങി റോഡിൽ വീണ വീട്ടമ്മ ടിപ്പറിടിച്ച് മരിച്ചു



പത്തനംതിട്ട : ബൈക്കിൽ മകനൊപ്പം സഞ്ചരിക്കവേ, സാരി ചക്രത്തിൽ കുരുങ്ങി റോഡിലേക്ക് വീണ വീട്ടമ്മ ടിപ്പർ ലോറി കയറി തത്ക്ഷണം മരിച്ചു. തമിഴ്നാട് സ്വദേശിനി അറുമുഖമാണ് (അമല-39) മരിച്ചത്. ഇന്നലെ രാവിലെ 8 ന് കട്ടവാക്കുഴിയിലായിരുന്നു സംഭവം. പുതുക്കുളം ഏറം കുമ്പഴ എസ്റ്റേറ്റിലെ ഒന്നാം ഡിവിഷനിലെ ലയത്തിലാണ് ഇവർ താമസിക്കുന്നത്. രാവിലെ മകനോടൊപ്പം ബൈക്കിൽ ജോലിക്കായി പോകുമ്പോഴായിരുന്നു അപകടം. സാരിത്തുമ്പ് ബൈക്കിന്റെ ചക്രത്തിൽ കുരുങ്ങി റോഡിലേക്ക് വീണ അറുമുഖത്തിന്റെ ശരീരത്ത് കൂടി പിന്നാലെ വന്ന ടിപ്പർ കയറിഇറങ്ങുകയായിരുന്നു. മൃതദേഹം പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് മാറ്റി. സംസ്കാരം ഇന്ന് 2ന് കുമ്പഴ തോട്ടത്തിൽ നടക്കും. ഭർത്താവ് മുത്തുപാണ്ടി കുമ്പഴ ഹാരിസൺ തോട്ടത്തിലെ തൊഴിലാളിയാണ്. മക്കൾ: കാളിദാസൻ, കാർത്തിക, കാർത്തിക്.







Vol. No. 108 Issue No. 314 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .